**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6697 — 01.11.2011 ൽ മറുപടിക്ക്

## അന്തർ സംസ്ഥാന ബസ് സർവ്വീസ് തുടങ്ങുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി |
| (എ) അന്തർ സംസ്ഥാന ബസ് സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് നിലപാട് വിശദമാക്കുമോ ; | (എ) അയൽ സംസ്ഥാനങ്ങളുമായി ഉണ്ടാക്കുന്ന ഉടമ്പടി പ്രകാരമാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. കേരളത്തിൽ നിന്നും തമിഴ്നാട്ടിലേയ്ക്കും കർണ്ണാടകത്തിലേയ്ക്കും അവിടെ നിന്ന് കേരളത്തിലേയ്ക്കും കെ.എസ്.ആർ.ടി.സി.യും ഇരു സംസ്ഥാനങ്ങളിലെയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുമാണ് അന്തർസംസ്ഥാന സർവ്വീസ് നടത്തിവരുന്നത്. ഇരു സംസ്ഥാനങ്ങളും മറ്റേ സംസ്ഥാനത്ത് തുല്യ ദൂരം സർവ്വീസ് നടത്തണമെന്നാണ് ഉടമ്പടിയിൽ നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം വരത്തക്ക വിധം ഇരു സംസ്ഥാനങ്ങളും റൂട്ടുകൾ നിശ്ചയിച്ച് ഉടമ്പടിയിൽ ചേർത്താൽ മാത്രമേ അന്തർസംസ്ഥാന റൂട്ടുകളിൽ പെർമിറ്റ് നൽകാനാവൂ. |
| (ബി) കൽപ്പറ്റ കെ.എസ്.ആർ.ടി. സി. ഡിപ്പോയിൽ നിന്ന് കോയമ്പത്തൂർക്ക് ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;<br>(സി) കെ.എസ്.ആർ.ടി.സി. യുടെ കൽപ്പറ്റ ഡിപ്പോയിൽ നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി & സി) തമിഴ്നാട് സർക്കാരുമായി നിലവിലുള്ള കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ കൽപ്പറ്റയിൽ നിന്നും കോയമ്പത്തൂർക്ക് ബസ്സ് സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ